**പതിനഞ്ചാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2370** **13/09/2023 ൽ മറുപടിയ്ക്ക്**

**പരപ്പനങ്ങാടി നെടുവ സി.എച്ച്.സി.യിലെ ജീവനക്കാരുടെ ഒഴിവ്**

| | ചോദ്യം<br>ശ്രീ. കെ. പി. എ. മജീദ് | | മറുപടി<br>വീണാ ജോർജ്<br>(ആരോഗ്യ വനിത-ശിശു വികസന വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ നെടുവ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ (സി.എച്ച്.സി.) ഫാർമസിസ്റ്റിനെ വർക്കിംഗ് അറേഞ്ച്മെന്റിൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഓഫീസിലേക്ക് നിയമിച്ചതുമൂലം പ്രസ്തുത തസ്തിക ഒഴിഞ്ഞു കിടക്കുന്നത് കൊണ്ടുള്ള പ്രശ്നങ്ങളും ജനങ്ങളുടെ പ്രതിഷേധവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | നെടുവ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഫാർമസിസ്റ്റിന്റെ രണ്ട് സ്ഥിരം തസ്തികയുണ്ട്. (Sanctioned Post 2). അതിൽ ഒരാൾക്ക് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമനം നൽകിയിട്ടുണ്ട്. ടി ഒഴിവിലേയ്ക്ക് എൻ.എച്ച്.എം. മുഖേനം ഒരാളും കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന ഒരാളും സേവനമനുഷ്ഠിക്കുന്നുണ്ട്. നിലവിൽ 3 ഫാർമസിസ്റ്റമാർ ടി സ്ഥാപനത്തിൽ ജോലി ചെയ്യുന്നുണ്ട്.<br>അതിനാൽ ആരോഗ്യവകുപ്പ് കാര്യാലയത്തിലേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റിൽ നൽകിയ നിയമനം പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കാതിരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിയമനം റദ്ദ് ചെയ്ത് നെടുവ സി.എച്ച്.സി.യിലെ ഒഴിവ് നികത്തണമെന്ന് ആവശ്യപ്പെട്ട് മണ്ഡലം എം.എൽ.എ.യും പരപ്പനങ്ങാടി നഗരസഭ ചെയർമാനും വകുപ്പ് മന്ത്രി, സെക്രട്ടറി, ആരോഗ്യവകുപ്പ് ഡയറക്ടർ എന്നിവർക്ക് നൽകിയ നിവേദനങ്ങളിൽ ഓരോന്നിലും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (ബി) | വിവിധ നിവേദനങ്ങൾ പരിഗണിച്ച് 24/08/2023 ലെ ഉത്തരവ് നം.എ 8/10367/2023/ജി.മെ.ആ.(ആ) മലപ്പുറം പ്രകാരം ശ്രീമതി.അഖില കെ.യെ നെടുവ സി.എച്ച്.സി.യിൽ നിന്നും മഞ്ചേരി ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലമാറ്റി ഉത്തരവായിരുന്നു. 04/09/2023 ലെ ഉത്തരവ് നം. എ 8/10367/2023/ജി.മെ.ആ. (ആ) മലപ്പുറം പ്രകാരം പൊൻമല സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഫാർമസിസ്റ്റിനെ നെടുവ സി.എച്ച്.സി.യിലേയ്ക്ക് നിയമിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) | പ്രസ്തുത വ്യക്തിക്ക് തിരുവനന്തപുരത്തേക്ക് സ്ഥലംമാറ്റം നൽകുന്നതിന് തടസ്സം ഉള്ളതിനാലാണോ ടി തസ്തിക നെടുവ സി. എച്ച്. സി. യിൽ തന്നെ നിലനിർത്തി വർക്കിംഗ് അറേഞ്ച്മെന്റിൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഓഫീസിലേക്ക് മാറ്റി നിയമിച്ചതെന്നും അപ്രകാരം നിയമിക്കുന്നതിന് ശിപാർശ നൽകിയത് ആരാണെന്നും വിശദമാക്കാമോ; | (സി) | ആരോഗ്യ വകുപ്പ് കാര്യാലയത്തിന്റെ കീഴിൽ വരുന്ന 1200 ൽ പരം സർക്കാർ ആശുപത്രികളുടെ കുടുംബാരോഗ്യ മേഖലയുമായി ബന്ധപ്പെട്ട്, ജനസംഖ്യ നിയന്ത്രണം, യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിലൂടെ നടത്തുന്ന രോഗപ്രതിരോധ പ്രവർത്തനങ്ങൾ, വാക്സിൻ ലോജിസ്റ്റിക് മാനേജ്മെന്റ്, കോവിഡ് വാക്സിനേഷൻ, ഫാമിലി പ്ലാനിംഗ് കമ്മോഡിറ്റീസ്, ഇൻഡന്റ് എല്ലാ ജില്ലകളിൽ നിന്നും ശേഖരിച്ച് അവ ക്രോഡീകരിച്ച് സംഭരിച്ച് വിതരണം നടത്തുക, ആയതിന്റെ പ്രതിമാസ റിപ്പോർട്ടുകളും മറ്റു റിപ്പോർട്ടുകളും തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുക, |

| | | | |
|---|---|---|---|
| | | | 'Evin' സോഫ്റ്റ് വെയർ വഴി വാക്സിനുകളുടേയും, FPLMIS സോഫ്റ്റ് വെയർ വഴി ഫാമിലി വെൽഫെയർ കമ്മോഡിറ്റീസ്-ന്റെയും അവലോകനം നടത്തി റിപ്പോർട്ട് തയ്യാറാക്കൽ, കൂടാതെ FPLMIS മായി ബന്ധപ്പെട്ട എല്ലാ ജില്ലകളിലേയും എഫ്.ഡബ്ല്യു. സ്റ്റോർ കസ്റ്റോഡിയന്മാർക്കും ട്രെയിനിംഗ് നൽകുക എന്നീ സുപ്രധാനമായ ജോലികൾ ഫാമിലി വെൽഫെയർ സ്റ്റോർ ഓഫീസർ-ന്റെ കീഴിൽ നടന്നു വരുന്നു. ഈ പ്രവർത്തനങ്ങൾ നടത്താൻ സ്റ്റോർ ഓഫീസറുടെ ഒരു തസ്തിക മാത്രമാണുള്ളത്. കാലാകാലങ്ങളിൽ സ്റ്റോർ ഓഫീസർ (എഫ്.ഡബ്ല്യു.) ന്റെ സഹായത്തിനായി കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ഫാർമസിസ്റ്റുമാരെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചു വരുന്നു.<br>ഇപ്പോൾ നിയമിച്ചിരിക്കുന്ന ഫാർമസിസ്റ്റിന് FPLMIS ട്രെയിനിംഗ് ലഭിച്ചതും 'Evin' സോഫ്റ്റ് വെയർ പരിജ്ഞാനമുള്ള ആളും, കോവിഡ് കാലത്ത് തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസിലെ സ്റ്റോർ വെരിഫിക്കേഷൻ ടീമിൽ പ്രവർത്തനങ്ങൾ നടത്തി പരിചയസമ്പത്തുള്ള ആളുമാണ്. അതിനാലാണ് നെടുവ സി.എച്ച്.സി.യിൽ നിന്നും ഫാർമസിസ്റ്റിനെ ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലേയ്ക്ക് നിയമിച്ചത്. |
| (ഡി) | നെടുവ സി. എച്ച്. സി. യിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്; അതിന്റെ കാരണമെന്താണ്; പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്ന് തസ്തിക തിരിച്ച് വിശദമാക്കാമോ? | (ഡി) | അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നം. | തസ്തിക | ഒഴിവ് | ഒഴിവ് വന്നതിനുള്ള കാരണം | ഒഴിവ് നികത്തുന്നതിന് സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| 1 | സ്റ്റാഫ് നഴ്സ് | 2 | ട്രാൻസ്ഫർ/പ്രൊമോഷൻ | പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 2 | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 1 | സ്ഥലംമാറ്റം | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയുടെ 2000-2007 സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരുടെ സീനിയോറിറ്റി തർക്കം പരിഹരിച്ച് ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ താൽക്കാലിക സ്ഥാനക്കയറ്റത്തിലൂടെ നികത്തുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരുന്നു. |
| 3 | പബ്ലിക്ക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ | 1 | റിട്ടയർമെന്റ് | സ്ഥാനക്കയറ്റം മുഖേന ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| 4 | പബ്ലിക്ക് ഹെൽത്ത് നഴ്സ് | 2 | സ്ഥലംമാറ്റം | ടി ഒഴിവുകളിലേയ്ക്ക് താൽക്കാലിക സ്ഥാനക്കയറ്റം അനുവദിക്കുന്നതിനുവേണ്ടി സ.ഉ.(സാധാ)നം.1667/2023/ആ.കു.വ., തീയതി 11/07/2023 ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 5 | നഴ്സിംഗ് അസിസ്റ്റന്റ് | 2 | റിട്ടയർമെന്റ് | സ്ഥാനക്കയറ്റം മുഖേന നികത്തുന്നതാണ്. |
| 6 | ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് II | 1 | സ്ഥാനക്കയറ്റം നൽകിയതുമൂലം | സ്ഥാനക്കയറ്റം/എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നികത്തുന്നതാണ്. |
| 7 | ഓഫീസ് അറ്റന്റന്റ് | 1 | ഉപരിപഠനാർത്ഥമുള്ള ശൂന്യവേതനാവധി | പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ